പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ T 1826 21.01.2014 - ൽ മറുപടിക്ക്

## സാമൂഹ്യസുരക്ഷ പെൻഷൻ

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പെൻഷനുകളുടേയും ധനസഹായങ്ങളുടെയും വർദ്ധിപ്പിച്ച നിരക്കുകൾ അനുസരിച്ചുള്ള തുക ഏത് തീയതി വരെ കൊടുക്കാൻ കുടിശ്ശികയായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) | സാമൂഹ്യ സുരക്ഷ പെൻഷനുകളുടേയും ധനസഹായങ്ങളുടെയും വർദ്ധിപ്പിച്ച നിരക്കുകൾ അനുസരിച്ചുള്ള തുക 2013 ജൂലായ് മാസം മുതൽ 2013 ഡിസംബർ വരെ കൊടുക്കാൻ കുടിശ്ശികയായിട്ടുണ്ട് |
| (ബി) | ഓരോ ഇനത്തിലും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എന്ത് തുക വീതമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ പെൻഷനുകളാണ് വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. 27.07.2013 –ലെ 363/2013/ ധന നമ്പർ ഉത്തരവു പ്രകാരം ദേശീയ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ 01.08.2013 മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2013 ജൂൺ മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

തുക ലക്ഷത്തിൽ

| | |
|---|---|
| വികലാംഗ പെൻഷൻ | 13475.67 |
| അഗതി(വിധവ) പെൻഷൻ | 36663.69 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 14031.94 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | ഇല്ല |

| | | | |
|---|---|---|---|
| (സി) | സഞ്ചിത നിധിയിൽ നിന്നും വിതരണം ചെയ്തു വരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കർഹതയുള്ളവരുടെതായ സംസ്ഥാന അടിസ്ഥാനത്തിലുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ? | (സി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പെൻഷനുകളായ വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>വികലാംഗ പെൻഷൻ 292302<br>അഗതി(വിധവ) പെൻഷൻ 831376<br>ദേശീയ വാർദ്ധക്യകാല പെൻഷൻ 380051<br>50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 57297 |

സെക്ഷൻ ഓഫീസർ